## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202** | **12.06.2018-ൽ മറുപടിക്ക്**

## ടൂറിസം കേന്ദ്രങ്ങളിൽ ഹരിത പെരുമാറ്റ ചട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ്<br>ശ്രീ. വി. ജോയി<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. എം. മുകേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ നേരിടുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട കാര്യമാണെങ്കിലും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദ സഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിവിധ ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവത്ക്കരണം മുതലായവ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത 78 |

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് അംഗീകാരവും ധനസഹായവും നൽകി വരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ-യെ ഉപയോഗ പ്പെടുത്തി തുടർന്നു വരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവ്വീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കി വരുന്നു. നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് മൂന്നാർ മേഖല മാലിന്യ വിമുക്തമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ബി) ടൂറിസം കേന്ദ്രങ്ങളിൽ ഹരിത പെരുമാറ്റ ചട്ടം | ബി) ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം |

| | |
|---|---|
| ഏർപ്പെടുത്തിയതുമൂലം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടു വരുന്നത്. ഇതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഹരിത പെരുമാറ്റ ചട്ടം നിലവിൽ വന്നതോടെ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങളുടെ അളവിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ചില ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർച്ചയായ ബോധവൽക്കരണത്തിലൂടെ മാത്രമേ പൂർണ്ണ നിയന്ത്രണം നടപ്പാക്കാനാവുകയുള്ളൂ. |
| സി) ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) ഭിന്നശേഷി സൗഹാർദ്ദം ലക്ഷ്യമാക്കി ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ എന്ന പ്രോജക്ട് നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ 13 ഡി.റ്റി.പി.സി കളിലൂടെയും കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയും നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ സാധിക്കുന്ന ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടോയ് ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധനയും ആരംഭിച്ചിട്ടുണ്ട്.<br><br>വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ |

| | |
|---|---|
| | അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികൾ മറ്റ് പദ്ധതികളിലൂടെയും വിവിധ ജില്ലകളിൽ നടന്നു വരുന്നു. |
| ഡി) സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | ഡി) കൊല്ലം ജില്ലയിലെ "ജഡായുപാറ ടൂറിസം പദ്ധതി" യാണ് സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതി. |

Sandhya

സെക്ഷൻ ഓഫീസർ